#IIMKinMedia

Date: September 07, 2026

Newspaper: Malayala Manorama, pg. 12

# കെഎസ്ആർടിസിയും ഐഐഎമ്മും കൈകോർക്കും

തിരുവനന്തപുരം● കെഎസ്ആർടിസിയുടെ പ്രവർത്തനമികവും യാത്രാ സേവനങ്ങളുടെ നിലവാരവും ഉയർത്താൻ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുമായി(ഐഐഎം) സർക്കാർ സഹകരിക്കുന്നു. ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനും മാനേജ്മെന്റ് വൈദഗ്ധ്യം പ്രയോജനപ്പെടുത്താനുമുള്ള ധാരണാപത്രത്തിന്റെ നടപടികൾ ആരംഭിച്ചു. മന്ത്രി സി.പി. ജോണിന്റെ നേതൃത്വത്തിൽ ഐഐഎം ഡയറക്ടറും കെഎസ്ആർടിസി സിഎംഡിയുമായി നടത്തിയ ചർച്ചയിലാണ് തീരുമാനം. ധാരണാപത്രത്തിന്റെ കരട് ഐഐഎമ്മിനു കൈമാറി. ഐടി, സാങ്കേതികം, അക്കൗണ്ട്സ് തുടങ്ങിയ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്കും ഡ്രൈവർമാർ, കണ്ടക്ടർമാർ, സ്റ്റേഷൻ മാസ്റ്റർമാർ തുടങ്ങിയവർക്കും പരിശീലനം നൽകും.